LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പത്തനംതിട്ട ജില്ലാ കളക്ടർക്ക് 22 പരാതികളും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ ഒരു പരാതിയും ലഭിച്ചിരുന്നു. മൊബൈൽ ടവർ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടിയെടുക്കുന്നത് അതാത് ജില്ലയിലെ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ ടെലികോം കമ്മിറ്റിയാണ്. ലഭിച്ച പരാതികളിൽ 6 എണ്ണം ഒഴികെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്.

(സി) ആനിക്കാട് ഗ്രാമപഞ്ചായത്തിലെ അസൻഡ് ടെലികോം ലിമിറ്റഡിന്റെ ടവർ നിർമ്മാണത്തിനെതിരെ ഓംബുഡ്സ്മാന് പരാതി നിലനിൽക്കുന്നതിനാൽ കോന്നി, ഏനാദിമംഗലം, ഏഴംകുളം ഗ്രാമപഞ്ചായത്തുകളിൽനിന്നും അടൂർ മുനിസിപ്പാലിറ്റിയിൽ നിന്നുമുള്ള റിപ്പോർട്ട് ലഭിക്കാത്തതിനാലും തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല.

(ഡി) ഡിപ്പാർട്ടുമെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷൻസിന്റെ കീഴിലുള്ള Telecom Enforcement Resources & Monitoring (TERM) സെല്ലിനാണ് മൊബൈൽ ടവറുകളിൽനിന്നുള്ള റേഡിയേഷന്റെ തോത് പരിശോധിക്കുന്നതിനുള്ള അധികാരം.

(ഇ) കേന്ദ്ര ടെലികോം വകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഓരോ വർഷവും ആകെയുള്ള ബേസ് ട്രാൻസീവർ സ്റ്റേഷനുകളുടെ (BTS) 10% TERM കേരള ആഡിറ്റ്/ടെസ്റ്റ് ചെയ്യുന്നുണ്ട്.

(എഫ്) ബാധകമല്ല.

ആലില പദ്ധതി

68(2056) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആലില പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പദ്ധതിയുടെ കാലാവധി വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേയ്ക്കായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതിവഴി പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുക എന്നിവയും ഇതിലുൾപ്പെടുന്നു. സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഗാന്ധിജയന്തി ദിനമായ 2014 ഒക്ടോബർ 2-ാം തീയതി മുതൽ 2015 മാർച്ച് 31-ാം തീയതിവരെയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. മഴക്കാലത്തേയ്ക്കുകൂടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന സഹകാരികളുടെ അഭിപ്രായം പരിഗണിച്ച് ടി പദ്ധതിയുടെ കാലയളവ് 2015 സെപ്തംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽനിന്നും വൃക്ഷത്തൈകൾ സൗജന്യമായി ലഭ്യമാക്കി സംഘങ്ങൾവഴി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് പ്രശംസാ പത്രങ്ങളും അവാർഡും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നു.

കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം

69(2057) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :